ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1122

# സൂറ – 38 / സ്വാദ്

## സൂക്തം: 44 – 47

നിഷിദ്ധമായ കാര്യം ശപഥം ചെയ്താൽ പാലിക്കാൻ പാടില്ല. എന്നാൽ പ്രായശ്ചിത്തം ചെയ്യണം. ഒരു കാര്യം ശപഥം ചെയ്തിട്ട് അതിനേക്കാൾ നല്ലത് മറ്റൊന്നാണെന്ന് ബോധ്യപ്പെട്ടാൽ അതാണ് ചെയ്യേണ്ടത്. ശപഥലംഘനത്തിന് പ്രായശ്ചിത്തം ചെയ്യുകയും വേണം.

وَخُذْ بِيَدِكَ ضِغْثًا فَاضْرِب بِّهِۦ وَلَا تَحْنَثْ ۗ إِنَّا وَجَدْنَٰهُ صَابِرًا ۚ نِّعْمَ ٱلْعَبْدُ ۖ إِنَّهُۥٓ أَوَّابٌ ﴿٤٤﴾

44. നാം പറഞ്ഞു: ഒരു കൈപ്പിടി പുൽക്കറ്റയെടുക്കുക. എന്നിട്ട് അതുകൊണ്ട് അടിച്ചുകൊള്ളുക. ശപഥം ലംഘിക്കേണ്ട. നാം അദ്ദേഹത്തെ സഹനശാലിയായി കണ്ടു. എന്തു നല്ല ദൈവദാസൻ! അധികമധികം അല്ലാഹുവിങ്കലേക്ക് മടങ്ങിക്കൊണ്ടിരിക്കുന്നവൻ!

**44**

وَخُذْ = (നാം പറഞ്ഞു) നീ എടുക്കുക
بِيَدِكَ = നിന്റെ കൈകൊണ്ട് (ഒരു കൈപ്പിടി)
ضِغْثًا = പുൽക്കറ്റ
فَاضْرِب بِّهِ = എന്നിട്ട് അതുകൊണ്ട് അടിച്ചുകൊള്ളുക
وَلَا تَحْنَثْ = നീ ശപഥം ലംഘിക്കേണ്ട
إِنَّا وَجَدْنَاهُ صَابِرًا = നാം അദ്ദേഹത്തെ സഹനശാലിയായി കണ്ടു
نِّعْمَ الْعَبْدُ = എന്തു നല്ല ദൈവദാസൻ!
إِنَّهُ أَوَّابٌ = അദ്ദേഹം (അല്ലാഹുവിങ്കലേക്ക്) അധികമധികം മടങ്ങു(ങ്ങിക്കൊണ്ടിരിക്കു)ന്നവൻ

കൊയ്തെടുത്ത ധാന്യച്ചെടികളുടെ കറ്റ (കെട്ട്) ആണ് ضِغْث. കൈകൊണ്ട് ഒരു കറ്റയെടുക്കുക എന്നതിന്റെ താൽപര്യം ഒരു കൈപ്പിടി പുൽതണ്ട് അല്ലെങ്കിൽ ചുള്ളൽ എടുക്കുക എന്നാണ്. ശപഥലംഘനം എന്നും പാപം എന്നും അർഥമുള്ള حِنث-ൽനിന്നുള്ള ക്രിയയാണ് تحنث. രണ്ടർഥവും ഇവിടെ സാധുവാകുന്നു. وخذ എന്നതിനെ 'وَ' കൊണ്ട് സമാസിക്കുന്നത് 32-ാം സൂക്തത്തിലെ اركض -കാലുകൊണ്ട് അടിക്കുക എന്നതിനോടാണെങ്കിൽ ഇതും അല്ലാഹു നിർദേശിച്ച ചികിത്സയുടെ ഭാഗമാകാം. അതായത്, ഉറന്നൊഴുകുന്ന വെള്ളം കുടിക്കുകയും അതു കൊണ്ട് കുളിക്കുകയും കുടിക്കുകയും ചെയ്തശേഷം ഒരു ചെറിയ പുൽക്കറ്റയെടുത്ത് ദേഹത്തിൽ കുറ്റകരമല്ലാത്ത അഥവാ പരിക്കേൽക്കാത്തവണ്ണം അടിക്കുകയും ചെയ്യുക. പക്ഷേ, കുളിക്കുകയും കുടിക്കുകയും ചെയ്തപ്പോൾ, അദ്ദേഹത്തിനു നഷ്ടപ്പെട്ടിരുന്ന കുടുംബത്തെയും മറ്റും ഇരട്ടിയായി പ്രദാനം ചെയ്തു എന്നു പറഞ്ഞ ശേഷമുള്ള ഈ നിർദേശം അല്ലാഹു അദ്ദേഹത്തിന് ഔദാര്യപൂർവം നൽകിയ ഒരിളവായിട്ടാണ് മുഫസ്സിറുകൾ കാണുന്നത്. രോഗിയായിരുന്നപ്പോൾ വീണ്ടുവിചാരമില്ലാതെ ചെയ്തുപോയ ഒരു പ്രതിജ്ഞയിൽനിന്ന് മുക്തനാകാനുള്ള മാർഗമുപദേശിക്കുകയാണിതെന്ന് وَلَا تَحْنَثْ എന്ന വാക്കിൽനിന്നു വ്യക്തമാകുന്നു. പ്രതിജ്ഞ എന്തായിരുന്നുവെന്ന് പറയുന്നില്ലെങ്കിലും فَاضْرِب بِّهِ എന്ന

വാക്കിൽനിന്ന് അത് ആരെയോ പ്രഹരിക്കുമെന്നായിരുന്നുവെന്ന് മനസ്സിലാക്കാം. പക്ഷേ, അതെന്തിനായിരുന്നുവെന്നും ആരെ, എത്ര അടിക്കുമെന്നായിരുന്നുവെന്നും സൂക്തം വെളിപ്പെടുത്തുന്നില്ല. മുഫസ്സിറുകൾ ഇതിനെ രണ്ടു വിധത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു. ഒന്ന് ഇങ്ങനെ:

രോഗപീഡയും ദാരിദ്ര്യവും ദുസ്സഹമായ ഘട്ടത്തിൽ പ്രവാചക വ്യക്തിത്വത്തിന് ചേരാത്ത ചില വിചാരങ്ങൾ ചെകുത്താൻ അദ്ദേഹത്തിന്റെ മനസ്സിലുണർത്തി. ഇതേക്കുറിച്ചാണ് അദ്ദേഹം انی مسنّی الشیطان -എന്നെ ചെകുത്താൻ തൊടുന്നു- എന്ന് അല്ലാഹുവിനോട് വേവലാതിപ്പെട്ടത്. സാത്താനാൽ സ്വാധീനിക്കപ്പെടുന്നു എന്നു തോന്നിയ ഉടനെ അദ്ദേഹം അല്ലാഹുവിലേക്കു പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്തു. അതുകൊണ്ടുതന്നെ ആ ചാഞ്ചല്യം പൊറുക്കപ്പെടുകയും മനസ്സ് ശുദ്ധീകരിക്കപ്പെടുകയും ചെയ്തിരുന്നു. എങ്കിലും തന്റെ വീഴ്ചക്കു പ്രായശ്ചിത്തമായി താൻതന്നെ സ്വയം നൂറടി അടിക്കുമെന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തു. അന്ന് ആ പ്രതിജ്ഞ നിറവേറ്റാനുള്ള ആരോഗ്യമോ ശേഷിയോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. പ്രതിജ്ഞ ചെയ്താൽ പാലിക്കേണ്ടത് നിർബന്ധമാണല്ലോ. അയ്യൂബ് നബിയുടെ അന്നത്തെ സാഹചര്യത്തിൽ ആ പ്രതിജ്ഞ നിയമപരമായി പാലിക്കാനുള്ള ഒരുപായം നിർദേശിച്ചുകൊടുക്കുകയായിരുന്നു അല്ലാഹു. നമസ്കാരത്തിന് വെള്ളമുപയോഗിച്ച് വുദൂ ചെയ്യാൻ കഴിയാത്തവർക്ക് തയമ്മും നിർദേശിച്ചതുപോലുള്ള ഒരിളവാണിത്. മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി സ്വീകരിച്ചിട്ടുള്ളത് ഈ വിശദീകരണമാകുന്നു.

രണ്ടാമത്തെ വിശദീകരണപ്രകാരം അയ്യൂബ് (അ) നൂറടി ശപഥം ചെയ്തത് സ്വന്തം ഭാര്യക്കാണ്. അതിനു വ്യത്യസ്തമായ രണ്ടു കാരണങ്ങൾ പറയപ്പെട്ടിരിക്കുന്നു: 1) രോഗവും ദാരിദ്ര്യവും ദുസ്സഹമായപ്പോൾ അയ്യൂബി(അ)ന്റെ ഭാര്യ അദ്ദേഹത്തിന്റെ നിലവാരത്തിന് യോജിക്കാത്ത രീതിയിൽ പരസഹായം തേടി. അതിൽ ക്ഷുഭിതനായ അയ്യൂബ് (അ) അവരെ നൂറടി അടിക്കുമെന്ന് പ്രതിജ്ഞ ചെയ്തു. 2) അയ്യൂബ് നബിയുടെ ദുരിതം നീണ്ടുപോയത് അദ്ദേഹത്തിന്റെ ഭാര്യയെ അക്ഷമയും വ്യഥിതയുമാക്കി. ഈ സന്ദർഭത്തിൽ ചെകുത്താൻ അവരെ സമീപിച്ചു. താൻ പറയുംപടി ചെയ്താൽ ഭർത്താവിന്റെ രോഗം മാറുമെന്ന് വാഗ്ദാനം ചെയ്തു അവരെ വശീകരിച്ചു. ചെകുത്താൻ ഉപദേശിച്ചവിധം ചെയ്യാൻ അവർ ഭർത്താവിനോട് നിർദേശിച്ചു. അതിൽ കുപിതനായിട്ടാണ് അയ്യൂബ് (അ) ഭാര്യയെ പ്രഹരിക്കാൻ പ്രതിജ്ഞ ചെയ്തത്. യഥാർഥത്തിൽ അയ്യൂബ് നബിക്ക് ഭാര്യയോട് വലിയ സ്നേഹമായിരുന്നു. പൂർവസ്ഥിതി പ്രാപിച്ചപ്പോൾ പ്രിയതമയെ നൂറ് പ്രഹരിക്കുമെന്ന പ്രതിജ്ഞ പാലിക്കേണ്ടതുണ്ടല്ലോ എന്ന ചിന്ത അദ്ദേഹത്തെ ദുഃഖിപ്പിച്ചു. ഈ ഘട്ടത്തിൽ, ഭാര്യയെ പീഡിപ്പിക്കാതെ പ്രതിജ്ഞ പാലിക്കാനുള്ള ഉപായം നിർദേശിക്കുകയായിരുന്നു അല്ലാഹു. ഏതു വിശദീകരണം സ്വീകരിച്ചാലും അല്ലാഹു അദ്ദേഹത്തോട് കാണിച്ച വലിയ ഔദാര്യവും കാരുണ്യവുമാണത് വെളിപ്പെടുത്തുന്നത്.

ഈ സൂക്തത്തിന്റെ പശ്ചാത്തലത്തിൽ ഇസ്‌ലാമിക പണ്ഡിതന്മാർ ചില കർമശാസ്ത്ര പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ശരീഅത്ത് നിയമങ്ങളുടെ ഈ രീതിയിലുള്ള നിർവഹണം മുഹമ്മദീയ ശരീഅത്തിൽ സാധുവാണോ എന്നതാണ് മുഖ്യ പ്രശ്നം. ചിലരുടെ വീക്ഷണത്തിൽ സാധുവാകുന്നു. നിയമം അനുസരിക്കുന്നതിന്റെ ഏറ്റം താഴ്ന്ന രൂപമാണിത്. നൂറു പ്രഹരിക്കാൻ കടപ്പെട്ടവൻ നൂറു തണ്ടുള്ള ഒരു പുൽക്കറ്റയെടുത്ത് ഒരടിയടിക്കുക. അതുവഴി പ്രതിജ്ഞാലംഘന കുറ്റത്തിൽനിന്ന് രക്ഷപ്പെടാം. പൂർവശരീഅത്ത് നിർദേശിച്ച നടപടി മുഹമ്മദീയ ശരീഅത്തിൽ പ്രമാണമാകുന്നില്ല എന്നു വാദിക്കുന്നവർ ഇതംഗീകരിക്കുന്നില്ല. ഇമാം അബൂഹനീഫ, അബൂയൂസുഫ് തുടങ്ങിയവർ ചില ഉപാധികളോടെ അംഗീകരിക്കുന്നുണ്ട്. ഇബ്നു അബ്ബാസും ഇബ്നു അസാകിറും ഇമാം മാലിക്കും ശാഫിഈകളിൽ ഭൂരിപക്ഷവും അതിനെതിരാണ്. എതിർപ്പിനു കാരണം.

1) പ്രകൃത സൂക്തം പറയുന്നത് അല്ലാഹു അയ്യൂബ് നബിക്ക് മാത്രം നൽകിയ ഒരിളവാണ്. മൂസവീ ശരീഅത്തിൽ പോലും അതൊരു പൊതുനിയമമായിരുന്നില്ല. 2) ഒരുവേള സൂക്തം പ്രസ്താവിക്കുന്നത് മൂസവീ ശരീഅത്താണെങ്കിൽ തന്നെ ഖുർആൻ അതിനെ ദുർബലപ്പെടുത്തിക്കൊണ്ട് അസന്ദിഗ്ധമായ രൂപത്തിൽ മറ്റൊരു നിയമം നിർദേശിച്ചിരിക്കുന്നു:

لَا يُؤَاخِذُكُمُ اللَّهُ بِاللَّغْوِ فِي أَيْمَانِكُمْ وَلَٰكِن يُؤَاخِذُكُم بِمَا عَقَّدتُّمُ الْأَيْمَانَ ۖ فَكَفَّارَتُهُ إِطْعَامُ عَشَرَةِ مَسَاكِينَ مِنْ أَوْسَطِ مَا تُطْعِمُونَ أَهْلِيكُمْ أَوْ كِسْوَتُهُمْ أَوْ تَحْرِيرُ رَقَبَةٍ ۖ فَمَن لَّمْ يَجِدْ فَصِيَامُ ثَلَاثَةِ أَيَّامٍ ۚ ذَٰلِكَ كَفَّارَةُ أَيْمَانِكُمْ إِذَا حَلَفْتُمْ ۚ وَاحْفَظُوا أَيْمَانَكُمْ ۚ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَشْكُرُونَ ﴿٨٩﴾

(പാഴ് ശപഥങ്ങളുടെ പേരിൽ അല്ലാഹു നിങ്ങളെ ശിക്ഷിക്കുകയില്ല. എന്നാൽ മനഃപൂർവം ചെയ്യുന്ന ശപഥങ്ങളുടെ പേരിൽ തീർച്ചയായും ശിക്ഷിക്കും. മനഃപൂർവം ചെയ്ത ശപഥം ലംഘിക്കുന്നതിനുള്ള പ്രായശ്ചിത്തം പത്തു പാവങ്ങൾക്ക്, സ്വന്തം കുടുംബത്തിനു നൽകുന്ന മിതമായ നിലവാരത്തിലുള്ള അന്നം കൊടുക്കുകയോ ഒരു അടിമയെ മോചിപ്പിക്കുകയോ ആകുന്നു. ഒരുവന് ഇതിനൊന്നും കഴിവില്ലെങ്കിൽ അവൻ മൂന്നു നാൾ വ്രതമനുഷ്ഠിക്കട്ടെ. ഇതാകുന്നു നിങ്ങൾ ശപഥം ചെയ്തിട്ട് ലംഘിക്കേണ്ടി വരുമ്പോൾ ചെയ്യേണ്ട പ്രായശ്ചിത്തം. പ്രതിജ്ഞകൾ സൂക്ഷിച്ചുകൊള്ളുവിൻ നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ. അല്ലാഹു അവന്റെ നിയമങ്ങൾ ഈ വിധം വിശദമാക്കിത്തരുന്നു -5:89).

നിഷിദ്ധമായ കാര്യം ശപഥം ചെയ്താൽ പാലിക്കാൻ പാടില്ല. എന്നാൽ പ്രായശ്ചിത്തം ചെയ്യണം. ഒരു കാര്യം ശപഥം ചെയ്തിട്ട് അതിനേക്കാൾ നല്ലത് മറ്റൊന്നാണെന്ന് ബോധ്യപ്പെട്ടാൽ അതാണ് ചെയ്യേണ്ടത്. ശപഥലംഘനത്തിന് പ്രായശ്ചിത്തം ചെയ്യുകയും വേണം. നബി(സ) പ്രസ്താവിച്ചു:

إِنِّي وَاللَّهِ لاَ أَحْلِفُ عَلَى يَمِينٍ فَأَرَى غَيْرَهَا خَيْرًا مِنْهَا إِلاَّ كَفَّرْتُ عَنْ يَمِينِي، فَعَلْتُ الَّذِي هُوَ خَيْرٌ

''ഞാനൊരു ശപഥം ചെയ്തിട്ട് അതിനേക്കാൾ നല്ലത് മറ്റൊന്നാണെന്ന് കണ്ടാൽ അല്ലാഹുവാണ, എന്റെ ശപഥത്തിന് പ്രായശ്ചിത്തം ചെയ്ത് നല്ലതെന്ന് കണ്ടത് ചെയ്യാതിരിക്കുകയില്ല.''

നിർബന്ധ ബാധ്യതകൾ യഥാവിധി നടപ്പിലാക്കാൻ ന്യായമായ തടസ്സങ്ങളുണ്ടെങ്കിൽ സ്വീകരിക്കാവുന്ന ഇളവുകളും ഇസ്‌ലാമിക ശരീഅത്ത് വ്യക്തമാക്കിയിട്ടുണ്ട്. ഉദാ: വെള്ളം ഉപയോഗിക്കാൻ തടസ്സമുള്ളപ്പോൾ വുദൂവിനു പകരം തയമ്മും ചെയ്യാം. നിൽക്കാൻ കഴിയാത്തവർക്ക് ഇരുന്നും

ഇരിക്കാൻ കഴിയാത്തവർക്ക് കിടന്നും നമസ്കരിക്കാം. ഒരിക്കൽ നബി(സ)യുടെ മുന്നിൽ ഒരു വ്യഭിചാരക്കേസെത്തി. പ്രതിയെ കൊണ്ടുവന്ന് നൂറ് പ്രഹരം നൽകാൻ പ്രവാചകൻ കൽപിച്ചു. ആളുകൾ തിരുമേനിയെ ബോധിപ്പിച്ചു: ''ഇങ്ങോട്ടുകൊണ്ടുവരുന്നതുകൊണ്ടുതന്നെ എല്ലുകൾ നുറുങ്ങിപ്പോകുംവണ്ണം അവശവിവശനായ രോഗിയാണയാൾ.'' തിരുമേനി കൽപിച്ചു: ''എങ്കിൽ നൂറ് അല്ലികളുള്ള ഒരു ഈത്തനപ്പക്കുലകൊണ്ട് അയാൾക്ക് ഒരടി കൊടുക്കുക.'' ശരീഅത്തിൽ വ്യക്തമായ വിധിയുള്ള വിഷയത്തിൽ വിധിതേടി നാം പൂർവശരീഅത്തുകളിലേക്കും അയ്യൂബ് നബിയുടെ കഥയിലേക്കും പോകേണ്ട കാര്യമില്ല.

അയ്യൂബ് നബിക്ക് അമാനുഷികമാർഗേണ രോഗശാന്തിയരുളിയതിന്റെയും പ്രതിജ്ഞാ പാലനം ലംഘിക്കാതെ... കൊടുത്തതിന്റെയും ന്യായമാണ് وَجَدْنَاهُ صَابِرًا തനിക്കേർപ്പെട്ട ദുരിതപൂർണമായ പരീക്ഷണങ്ങളെ സ്ഥൈര്യത്തോടെ തരണം ചെയ്ത് തന്റെ അസാമാന്യമായ ക്ഷമാശീലവും സഹനശക്തിയും സ്വന്തം കർമജീവിതംകൊണ്ട് അല്ലാഹുവിന്റെ മുന്നിൽ പ്രത്യക്ഷപ്പെടുത്തിയതിനാലാണ് നാം ഈ വിധം അനുഗ്രഹിച്ചതെന്നു സാരം.

نِّعْمَ الْعَبْدُ إِنَّهُ أَوَّابٌ എന്ന് നേരത്തേ 30-ാം സൂക്തത്തിൽ സുലൈമാൻ നബിയെയും പ്രശംസിച്ചിട്ടുള്ളതാണ്. വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കാണുക. അല്ലാഹുവിനാൽ പരീക്ഷിക്കപ്പെട്ടവരാണ് രണ്ടു പേരും. ഒരാൾ നന്ദിയുടെയും കൂറിന്റെയും കൊടുമുടി കയറിയപ്പോൾ മറ്റേയാൾ ക്ഷമയുടെയും സഹനത്തിന്റെയും കൊടുമുടി കയറി. ഇരുവരും അല്ലാഹുവിങ്കൽനിന്ന് نِّعْمَ الْعَبْدُ إِنَّهُ أَوَّابٌ എന്ന അത്യുദാരമായ പ്രശംസക്കർഹരായി. ●

وَٱذْكُرْ عِبَٰدَنَآ إِبْرَٰهِيمَ وَإِسْحَٰقَ وَيَعْقُوبَ أُو۟لِى ٱلْأَيْدِى وَٱلْأَبْصَٰرِ ﴿٤٥﴾

45. നമ്മുടെ ഇഷ്ടദാസൻ ഇബ്റാഹീമിനെയും ഇസ്ഹാഖിനെയും യഅ്ഖൂബിനെയും ഓർക്കുക; കർമകുശലരും ദീർഘദൃഷ്ടികളുമായിരുന്നവരെ.

**45**

وَاذْكُرْ عِبَادَنَا إِبْرَاهِيمَ وَإِسْحَاقَ وَيَعْقُوبَ = നമ്മുടെ (ഇഷ്ട) ദാസന്മാരായ ഇബ്റാഹീമിനെയും ഇസ്ഹാഖിനെയും യഅ്ഖൂബിനെയും ഓർക്കുക

أُولِي الْأَيْدِي = കരങ്ങളുടയവരെ (കർമകുശലരും) وَالْأَبْصَارِ = ദീർഘദൃഷ്ടികളും (ആയിരുന്നവരെ)

പ്രയാസങ്ങളും പ്രതിബന്ധങ്ങളും സ്ഥൈര്യത്തോടെ തരണം ചെയ്ത് ദൈവിക സരണിയിൽ മുന്നോട്ടുപോയി ക്ഷമയുടെയും സഹനത്തിന്റെയും കർമകുശലതയുടെയും ഉത്തുംഗമാതൃകകളായിത്തീർന്ന ഏതാനും പ്രവാചകവര്യന്മാരെക്കൂടി മുഹമ്മദ് നബിയെയും വിശ്വാസികളെയും അനുസ്മരിപ്പിക്കുകയാണ്. അല്ലാഹുവിന്റെ ഇഷ്ടദാസനായിത്തീർന്ന ഇബ്റാഹീമി(അ)നെ ഖുർആൻ നേരത്തേ നിരവധി തവണ അനുസ്മരിച്ചിട്ടുള്ളതാണ്. തൗഹീദ് പ്രബോധനം ചെയ്തതിന്റെ പേരിൽ അദ്ദേഹത്തെ ആളുകൾ പിടികൂടി അഗ്നികുണ്ഡത്തിലെറിഞ്ഞു. വീട്ടിൽനിന്നും നാട്ടിൽനിന്നും പലായനം ചെയ്യേണ്ടിവന്നു. നിരവധി വർഷങ്ങൾ പ്രബോധകനായി ദേശാടനം ചെയ്യുകയായിരുന്നു. വാർധക്യകാലത്തുണ്ടായ ഏകപുത്രനെ, അവൻ തന്നോടൊപ്പം പ്രവർത്തിക്കാൻ പ്രാപ്തമായ പ്രായത്തിലെത്തിയപ്പോൾ അല്ലാഹുവിന്റെ കൽപന പ്രകാരം ബലികഴിക്കാൻ നിസ്സങ്കോചം സന്നദ്ധനായി. ഒരു ഘട്ടത്തിലും ചകിതനോ അക്ഷമനോ ആയില്ല. അങ്ങനെ ഇബ്റാഹീം (അ) ലോകത്തിന്റെ തന്നെ ആചാര്യനായിത്തീർന്നു.

സീമന്തപുത്രൻ ഇസ്മാഈലിനെ (അ) അല്ലാഹുവിനുവേണ്ടി ബലിയറുക്കാൻ മടിക്കാതിരുന്നതിനു അല്ലാഹു ഇബ്റാഹീം നബിക്കു നൽകിയ സമ്മാനമായിരുന്നു ഇസ്ഹാഖ് എന്ന ദ്വിതീയ പുത്രൻ. ഇബ്റാഹീം നബിയുടെ ആദർശവും സംസ്കാരവും അപ്പടി ഏറ്റെടുത്ത സൽപുത്രൻ. അദ്ദേഹവും പ്രവാചകത്വം കൊണ്ടനുഗൃഹീതനായി. ഇസ്ഹാഖ് (അ) നേരിട്ട ദുരന്തങ്ങളെന്തൊക്കെയായിരുന്നുവെന്ന് ഖുർആൻ വിശദീകരിച്ചിട്ടില്ല. ഇസ്ഹാഖ് നബിയുടെ പുത്രനും ഇബ്റാഹീം നബിയുടെ പൗത്രനുമായിരുന്നു യഅ്ഖൂബ് (അ). ഇദ്ദേഹത്തിന് ഇസ്രാഈൽ എന്നുകൂടി പേരുണ്ട്. ഇസ്രാഈൽ വംശത്തിന്റെ കുലപതി എന്ന നിലയിലും പ്രസിദ്ധനാകുന്നു. തനിക്ക് ഏറ്റം പ്രിയപ്പെട്ട രണ്ടു പുത്രന്മാരുടെ വേർപാടിലൂടെയാണ് അദ്ദേഹം പരീക്ഷിക്കപ്പെട്ടത്. യൂസുഫും(അ) ബിൻയാമീനുമാണവർ. രണ്ടു പുത്രന്മാരെയും അവരുടെ സഹോദരന്മാർ അപായപ്പെടുത്തിയതായി അദ്ദേഹം സംശയിച്ചു. തന്റെ കണ്ണും കരളുമായ രണ്ടു പുത്രന്മാർ നഷ്ടപ്പെട്ടപ്പോൾ യഅ്ഖൂബ് ദുഃഖപരവശനായെങ്കിലും അക്ഷമനായില്ല; ക്ഷമിച്ചു - صَبْرٌ جَمِيلٌ (സുന്ദരമായ ക്ഷമ -12:18, 83). അല്ലാഹുവിനോടു മാത്രം സഹായം തേടി. എന്നെങ്കിലുമൊരിക്കൽ അവൻ തന്റെ പുത്രന്മാരെ തിരിച്ചെത്തിക്കുമെന്ന പ്രതീക്ഷ കൈവെടിഞ്ഞില്ല. അല്ലാഹുവിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിലും അവന്റെ നിയമം നടപ്പിലാക്കുന്നതിലും, കർമകുശലരും ദീർഘദർശകരുമായിരുന്നു ഈ പ്രവാചകന്മാർ أُولِي الْأَيْدِي 12-ാം സൂക്തത്തിൽ വന്ന ذُو الْأَوْتَادِ -നും 17-ാം സൂക്തത്തിൽ വന്ന ذَا الْأَيْدِ-ക്കും സമാനമായ വാക്കാണ്. അർഥം അവിടെ വിശദീകരിച്ചിരിക്കുന്നു. ഇവിടെ ഉദ്ദേശ്യം കർമശേഷിയും കുശലതയുമാകുന്നു. കണ്ണ് എന്നും കാഴ്ച എന്നും അർഥമുള്ള بصر-ന്റെ ബഹുവചനമാണ് ابصار. പുറംകാഴ്ചക്കും കണ്ണിനുമപ്പുറം ഉൾക്കാഴ്ചയും ദീർഘദർശനവും അല്ലെങ്കിൽ ഉൾക്കണ്ണും ദീർഘദൃഷ്ടിയുമാണ് ഈ പദം പ്രതിനിധീകരിക്കുന്നത്. കർമോത്സുകരും ജ്ഞാനികളുമായിരുന്നുവെന്നാണ് ഇവിടെ താൽപര്യം. ●

إِنَّآ أَخۡلَصۡنَـٰهُم بِخَالِصَةٖ ذِكۡرَى ٱلدَّارِ ﴿٤٦﴾

46. നാം അവരെ ഒരു തനിമയാൽ തനിപ്പിച്ചു; പരലോകസ്മരണയാൽ

وَإِنَّهُمۡ عِندَنَا لَمِنَ ٱلۡمُصۡطَفَيۡنَ ٱلۡأَخۡيَارِ ﴿٤٧﴾

47. തീർച്ചയായും അവർ നമ്മുടെ സന്നിധിയിൽ തെരഞ്ഞെടുക്കപ്പെട്ട പുണ്യാത്മാക്കളുടെ ഗണത്തിലത്രെ.

**46,47**

إِنَّا أَخْلَصْنَاهُم = നാം അവരെ തനിമിച്ചു, നിഷ്കളങ്കരാക്കി بِخَالِصَةٍ = ഒരു തനിമയാൽ (ദിവ്യബോധനത്താൽ)

ذِكْرَى الدَّارِ = സാക്ഷാൽ ഭവനത്തിന്റെ (പരലോക) സ്മരണയാൽ

وَإِنَّهُمْ عِندَنَا = തീർച്ചയായും അവർ നമ്മുടെ സന്നിധിയിൽ

لَمِنَ الْمُصْطَفَيْنَ الْأَخْيَارِ = തെരഞ്ഞെടുക്കപ്പെട്ട പുണ്യാത്മാക്കളിൽപ്പെട്ടവർ(ക്കളുടെ ഗണത്തിൽ) അത്രെ

خَلَص (തനിമ)യുടെ സകർമക രൂപമായ اخلاص-ൽ നിന്നുള്ള ക്രിയയാണ് اخلص. കലർപ്പുകളിൽനിന്നും ന്യൂനതകളിൽനിന്നും മുക്തമായി തനിമ നിലനിർത്തലും, ആത്മാർഥതയും നിഷ്കളങ്കതയും اخلاص ആണ്. ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യങ്ങളിലൊന്നാകുന്നു اخلاص. കർമപരവും ചിന്താപരവുമായ അഴുക്കുകളിൽനിന്ന് മോചിപ്പിച്ച ജീവിതം അല്ലാഹുവിനു മാത്രം സമർപ്പിച്ച തനിമയുള്ളവർ. നിഷ്കളങ്കർ ആക്കി എന്നാണ് اخلصناهم-ന്റെ താൽപര്യം. അല്ലാഹു പ്രവാചകന്മാർക്കരുളുന്ന പാപസുരക്ഷിതത്വം- അപ്രമാദിത്വം- ആണുദ്ദേശ്യമെന്നും വ്യാഖ്യാനമുണ്ട്. അവരുടെ നിഷ്കളങ്കതയുടെ നിമിത്തമാണ് بِخَالِصَةٍ -തനിമയാൽ- എന്നു പറഞ്ഞത്. അത് നമുക്ക് വിഭാവനം ചെയ്യാനാവാത്ത മഹത്തായ ഒരു സൂക്ഷ്മ യാഥാർഥ്യമാണ്. എന്നാൽ അവരുടെ വചനങ്ങളിലും കർമങ്ങളിലും അതു പ്രതിഫലിക്കും. അതിനാൽ اخلصنا-യിൽനിന്നുള്ള വിശേഷണം കൊണ്ട് തന്നെ അവതരിപ്പിച്ചിരിക്കുകയാണ്. ദിവ്യബോധനം- വഹ്‌യ് ആണതെന്ന് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അതായത് ദിവ്യബോധനം കൊണ്ട് അവരെ നിഷ്കളങ്കരാക്കി. ذكرى 43-ാം സൂക്തത്തിൽ വന്നിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. دار വീടാണ്. الدّار എന്നു പറയുക ഏതെങ്കിലും പ്രത്യേക വീടിനെ ഉദ്ദേശിച്ചാണ്. നാം ആ വീട്, ഈ വീട് എന്നൊക്കെ പറയുന്നതുപോലെ. ഇവിടെ الدَّارِ - ആ വീട് എന്നതുകൊണ്ടുദ്ദേശ്യം സാക്ഷാൽ വീട് എന്നാണ്. മനുഷ്യന്റെ സാക്ഷാൽ ഗേഹം പരലോകമാണല്ലോ. ഇഹലോകം ക്ഷണികമാണ്. ജനിമൃതികൾക്കിടയിൽ തങ്ങാനുള്ള താൽക്കാലിക സത്രം. خالصة-ന്റെ വിശദീകരണമാണ് ذِكْرَى الدَّارِ. അതായത്, ഇടക്കിടെ ലഭിച്ചുകൊണ്ടിരിക്കുന്ന ദിവ്യബോധനം അവരുടെ മനസ്സിൽ പരലോകവിചാരം സദാ ഉന്മിഷത്തമാക്കി നിർത്തുന്നു. അങ്ങനെ അവർ പാപങ്ങളിൽനിന്നും പ്രമാദങ്ങളിൽ നിന്നും സുരക്ഷിതരായ നിഷ്കളങ്കരായി നിലകൊള്ളുന്നു. അല്ലാഹുവിങ്കൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട പുണ്യാത്മാക്കളുടെ ഗണത്തിലാണവരുടെ സ്ഥാനം. خَيْر-ന്റെയും خَيِّر-ന്റെയും ബഹുവചനമാണ് اخيار. ഇത് مَيْت-ന്റെയും ميّت-ന്റെയും ബഹുവചനമായി اموات വരുന്നതു പോലെയാണ്. വ്യക്തികളെ اخيار എന്നു വിശേഷിപ്പിക്കുന്നത് അവർ എല്ലാ നന്മകൾക്കും ഉടമയാകുന്നു എന്ന അർഥത്തിലാണ്. ●